# ജിന്നുകളോട് സഹായം ചോദിക്കൽ നിഷിദ്ധം


ശൈഖ് സ്വാലിഹ് ആലുശൈഖ് (حَفِظَهُ الله)

വിവ: എൻ. വി. മുഹമ്മദ് സാലിം


**ചോദ്യം**

മുസ്‌ലിമായ ജിന്നുകളുടെ സഹായംകൊണ്ട് ചികിത്സിക്കുന്നു എന്ന് വാദിക്കുന്നവരുടെ അടുക്കൽ ചികിത്സക്ക് വേണ്ടി പോകൽ അനുവദനീയമാണോ? ജിന്ന് 'ക്വാരീന്' ചെയ്യുന്ന സഹായം അനുവദനീയമായ ഇസ്തിആനയിൽപെട്ടതാണോ? അതോ നിഷിദ്ധമായ താണോ?

**ഉത്തരം**

ജിന്ന് മുസ്‌ലിമാകട്ടെ അമുസ്‌ലിമാകട്ടെ അവയെ കൊണ്ട് സഹായതേട്ടം (الاستعانة) ശിർക്കിലേക്കുള്ള വഴികളിൽ ഒരു വഴിയാണ് (وسيلة للشرك).

الاستعانة എന്നതിന്റെ അർത്ഥം സഹായം (الإعانة) ആവശ്യപ്പെടുക എന്നാണ്. അതിനാൽ പണ്ഡിതന്മാരുടെ അടുക്കൽ അംഗീകരിക്കപെട്ട തത്വം മുസ്‌ലിമായ ജിന്നിനോട് സഹായം തേടാൻ പാടില്ല എന്നാണ്. കാരണം സ്വഹാബിമാർ(ﷺ) അവരോട് സഹായം ചോദിച്ചിട്ടില്ല, അവയുടെ സഹായവും സേവനവും ലഭിക്കാൻ കൂടുതൽ അർഹർ അവരാണല്ലോ.


**...പണ്ഡിതന്മാരുടെ അടുക്കൽ അംഗീകരിക്കപെട്ട തത്വം മുസ്‌ലിമായ ജിന്നിനോട് സഹായം തേടാൻ പാടില്ല എന്നാണ്. കാരണം സ്വഹാബിമാർ(ﷺ) അവരോട് സഹായം ചോദിച്ചിട്ടില്ല, അവയുടെ സഹായവും സേവനവും ലഭിക്കാൻ കൂടുതൽ അർഹർ അവരാണല്ലോ.**


ജിന്നിലേക്ക് വസീല:ക്ക് മനുഷ്യനെ പ്രേരിപ്പിക്കുക, അവയുടെ സ്ഥാനം ഉയർത്തുക, അവരെകൊണ്ട് സുഖമെടുക്കുക എന്നീ കാരണങ്ങളിൽപെട്ടതാണ് ജിന്നിനെകൊണ്ട് സഹായം തേടുന്നക എന്നതിന്റെ അടിസ്ഥാനം.

അല്ലാഹു പറയുന്നു:

﴿ وَيَوْمَ يَحْشُرُهُمْ جَمِيعًا يَٰمَعْشَرَ ٱلْجِنِّ قَدِ ٱسْتَكْثَرْتُم مِّنَ ٱلْإِنسِ ۖ وَقَالَ أَوْلِيَآؤُهُم مِّنَ ٱلْإِنسِ رَبَّنَا ٱسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَآ أَجَلَنَا ٱلَّذِىٓ أَجَّلْتَ لَنَا ۚ ﴾ الأنعام: ١٢٨

"അവരെയെല്ലാം അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം. (ജിന്നുകളോട് അവൻ പറയും:) ജിന്നുകളുടെ സമൂഹമേ, മനുഷ്യരിൽ നിന്ന് ധാരാളം പേരെ നിങ്ങൾ പിഴപ്പിച്ചിട്ടുണ്ട്. മനുഷ്യരിൽ നിന്നുള്ള അവരുടെ ഉറ്റമിത്രങ്ങൾ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ ചിലർ മറ്റുചിലരെക്കൊണ്ട് സുഖമനുഭവിക്കുകയുണ്ടായി. നീ ഞങ്ങൾക്ക് നിശ്ചയിച്ച അവധിയിൽ ഞങ്ങളിതാ എത്തിയിരിക്കുന്നു." (അൽഅൻആം:128)

ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞതുപോലെ ജിന്ന് മനുഷ്യനെകൊണ്ട് സുഖമനുഭവിക്കുക (الاستمتاع) എന്നത് സംഭവിച്ചു. കാരണം മനുഷ്യൻ ജിന്നിലേക്ക് അടുക്കുകയും അവർക്ക് കീഴ്പ്പെടുകയും താഴ്മകാണിക്കുകയും അവരുടെ (ജിന്നിന്റെ) ആവശ്യങ്ങൾക്ക് നിലകൊള്ളുകയും ചെയ്യുന്നു. ജിന്ന് മനുഷ്യനെ സേവിക്കുന്നതിലൂടെ

അവൻ ജിന്നിൽനിന്നും സുഖമെടുക്കലും ഉണ്ടാകുന്നു.[1] ചിലപ്പോൾ ആ സുഖമനുഭവിക്കുന്നതോടൊപ്പം മനുഷ്യൻ ജിന്നിനുവേണ്ടി അറവ് നടത്തലും വിവിധ തരത്തിലുള്ള ആരാധനകൾ സമർപിക്കകയും ചെയ്യുന്നു അല്ലെങ്കിൽ ക്വുർആൻ നിന്ദിക്കുക, അതിനെ നിസാരമാക്കുക മുതലായവയിലൂടെ അല്ലാഹുവിൽ അവിശ്വസിക്കൽ പ്രസ്തുത إستمتاع-ലൂടെ ഉണ്ടാകുന്നു (അല്ലാഹുവിൽ ശരണം). അതിനാൽ നാം പറയുന്നു: അത്തരത്തിലുള്ള മുഴുവൻ സഹായതേട്ടവും അനുവദനീയമല്ല.

---

[1] ജിന്ന് ഒരു അഭൗതിക സൃഷ്ടിയാണ് എന്ന രൂപത്തിൽ സലഫി പണ്ഡിതർ മനസ്സിലാക്കിയിട്ടില്ല എന്ന് ഇത് തെളിയിക്കുന്നു. കേരള നദ്‌വത്തുൽ മുജാഹിദീനിന്റെ അമരക്കാരനായിരുന്ന ഡോ. ഉസ്മാൻ സാഹിബ് (رحمه الله) ഇക്കാര്യം ഏതു സാധാരണക്കാരനും മനസ്സിലാകുന്ന രൂപത്തിൽ വ്യക്തമാക്കിയത് ഇതോട് കൂടെ ചേർത്ത് വായിക്കുക: ''ജിന്നുകളിൽനിന്നുള്ള പിശാചുക്കൾ മനുഷ്യരെ വഴിതെറ്റിക്കുവാൻ നടത്തുന്ന ഭഗീരഥ ശ്രമങ്ങൾ വളരെ അധികം മനുഷ്യരെ വഴിപിഴപ്പിക്കുന്നതിൽ വിജയിക്കുമെന്ന് ചൂണ്ടിക്കാണിക്കുന്നു. 'ലോക ജീവിതത്തിന്റെ ലഹരിയിൽപ്പെട്ട് തമ്മതമ്മിൽ ആസ്വദിച്ചുകൊണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ടും അവർ പരലോക ജീവിതത്തെ മറന്നുകൊണ്ട്, പ്രവാചകൻമാരുടെ മുന്നറിയിപ്പുകൾ മറന്നുകൊണ്ട് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിച്ചുംകൊണ്ട്, ജീവിച്ചതിന്റെ ഫലമായി പരലോക ജീവിതത്തിൽ അറ്റമില്ലാത്ത ഖേദത്തിൽ അകപ്പെടുന്നതാണ്. എന്നാൽ ഇവിടെ തമ്മതമ്മിൽ ഉപയോഗപ്പെടുത്തുക അല്ലെങ്കിൽ ആസ്വദിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശമെന്താണ്? ഈ 'ഇസ്തീംതാഅ്' പലവിധത്തിലുമുണ്ട്. പിശാചിന്റെ മിത്രങ്ങളുടെ ('ഔല്യാവുശൈതാൻ') നിലവാരമനുസരിച്ചാണ് ഈ പരസ്പര ബന്ധത്തിന്റെ നിലവാരവും. സാധാരണ നിലക്ക് പൈശാചിക പ്രേരണക്ക് വശംവദരായി കളവ്, വ്യഭിചാരം, ചൂത്കളി, മദ്യപാനം മുതലായ പാപങ്ങളിൽ വ്യാപൃതരാകുന്ന പിശാചിന്റെ താഴെ കിടയിലുള്ള മിത്രങ്ങൾക്ക് കിട്ടുന്ന ആസ്വാദനവും ഉപകാരവും ആ പാപങ്ങളിൽനിന്നും കിട്ടുന്ന ആസ്വാദനങ്ങളിലും ഉപകാരങ്ങളിലും പരിമിതമാണ്. ഒരു മുച്ചീട്ടുകളിക്കാരന് അല്ലെങ്കിൽ ഒരു മദ്യപാനിക്ക്, അല്ലെങ്കിൽ ഒരു സ്ഥിരം കള്ളന്, അവന്റെ പിശാചിന്റെ പ്രേരണക്ക് വിധേയനായി അവൻ പ്രവർത്തിക്കുമ്പോൾ, പിശാച് അതാസ്വദിക്കുന്നു, അവനും ആസ്വദിക്കുന്നു. അവന്ന് ആ പാപത്തിൽനിന്ന് പിന്തിരിയാൻ സാധിക്കാത്തവണ്ണം പിശാച് അവനെ പ്രേരിപ്പിച്ചുംകൊണ്ടിരിക്കുന്നു. ആ പ്രേരണ ചെലുത്തുന്നതിൽ പിശാചിന് ആസ്വാദനമുണ്ട്. അതിൽ അവൻ വിജയിക്കുമ്പോൾ മനുഷ്യന്നും ഒരു പൈശാചികാസ്വാദനം ലഭിക്കുന്നു. മുച്ചീട്ടു കളിക്കാരന്റെ 'വാപ്പ മരിച്ചിരിക്കുന്നു' എന്ന വാർത്ത ലഭിച്ചാൽപോലും കളിയിൽ നിന്ന് വിരമിക്കാൻ സാധ്യമാകാത്തവിധം പിശാച് അവനെ ബന്ധിതനാക്കുന്നു! 'കളവ്' ശീലിച്ച മനുഷ്യൻ പിശാചിന്റെ പ്രേരണക്ക് വശംവദനായി അത് ചെയ്യുമ്പോൾ അവനും അവന്റെ പിശാചും ആസ്വദിക്കുന്നു! വ്യഭിചാരം ശീലിച്ച മനുഷ്യനും അവന്റെ പിശാചും അങ്ങനെത്തന്നെ. പക്ഷെ ഈ കാര്യങ്ങളിലെല്ലാമുള്ള പരസ്പര ആസ്വാദനം ആ പ്രവർത്തനങ്ങളിൽ മാത്രം പരിമിതമാണ്. 'പിശാചിന്റെ ഇത്തരം മിത്ര'ങ്ങൾക്ക് പിശാചിന്റെ പ്രത്യേക സഹായങ്ങളൊന്നും ലഭിക്കുന്നില്ല. അവർക്ക് 'കറാമത്തു'കളൊന്നും കാണുകയില്ല. പക്ഷെ പിശാചിന്റെ ഉയർന്ന തരം മിത്രങ്ങളുണ്ട്. ആരാധനയുടെ കാര്യത്തിൽ പിശാചിന്റെ പ്രേരണകൾ സ്വീകരിക്കുകയും അതിൽ മുന്നോട്ട് പോകുകയും പിശാചിനെത്തന്നെ ആരാധിക്കുന്ന നിലയിലെത്തുകയും ചെയ്തിട്ടുള്ള ഇത്തരം 'ഔലിയാക്കൾ'ക്ക് ചിലപ്പോൾ പിശാചിന്റെ 'കറാമത്തു'കളും ഉണ്ടായേക്കും! ഇത്തരം പൈശാചിക സഹായങ്ങൾ ദൈവീകമാണെന്ന് അവരും ജനങ്ങളും തെറ്റിദ്ധരിക്കുകയും ചെയ്തേക്കും! ബിദ്അത്തിന്റെ ആളുകൾക്കും, ത്വരീഖത്ത്കാർക്കും അല്ലാഹുവും റസൂലും ശറഅ് ആക്കാത്ത നിലയിലുള്ള ആരാധനകളിലും മറ്റും വ്യാപൃതരാകുന്നവർക്കും, പിശാചിന്റെ ഭാഗത്ത്നിന്നുള്ള ഇത്തരം 'കറാമത്തുകൾ' ചിലപ്പോൾ ഉണ്ടാകാറുണ്ട്! ബിംബാരാധകർക്കും, അദ്വൈത സന്യാസികൾക്കും, വഹ്ദത്തുൽ വുജൂദിന്റെ സൂഫികൾക്കും എല്ലാം ജിന്നിൽനിന്നുള്ള, ശൈതാനിൽനിന്നുള്ള 'ഉപകാരങ്ങൾ' അവരുടെ ശൈതാനുമായുള്ള മിത്രതയുടെ തോതനുസരിച്ച് ലഭിച്ചേക്കും! മൂർത്തികളേയും ചാത്തൻമാരെയും ചേക്കുട്ടി പ്പാപ്പായേയും എല്ലാം പൂജിക്കുന്ന താഴേ കിടയിലുള്ളവർക്ക് ചെറിയ തോതിലുള്ള ഉപകാരങ്ങളും ലഭിച്ചേക്കും.! പരിശുദ്ധ ഖുർആൻ ഈ വിഷയത്തിലേക്ക് ചില സൂചനകൾ മാത്രമാണ് നൽക്കുന്നത്. ഒരു പക്ഷെ ജിന്നിൽ നിന്നുള്ള പിശാചിനെ ആരാധിക്കുന്നവർക്ക് കിട്ടിയേക്കാവുന്ന 'ഉപകാരങ്ങളെ'പ്പറ്റി കൂടുതൽ പ്രതിപാദിക്കുന്നത് മൂലം ലൗകിക ജീവിതത്തെ കൂടുതൽ ഇഷ്ടപ്പെടുന്ന ഭൂരിപക്ഷം മനുഷ്യരും ആ ഉപകാരങ്ങൾ കിട്ടാൻവേണ്ടി പിശാചിനെ ആരാധിക്കുന്നതിൽ വ്യാപൃതരാകുമെന്ന കാരണം കൊണ്ടായിരിക്കാം, പരിശുദ്ധ ഖുർആൻ ഈ വിഷയത്തിൽ സൂചനകൾമാത്രം നൽകി അധികം വിവരങ്ങൾ നൽകാതിരുന്നത്! (1994 മാർച്ച് സൽസബീൽ, ജിന്നും ശൈത്വാനും, പേജ് 12–14)

അപ്പോൾ അതിലെ ചിലതിൽ ശിർക്കായ സഹായതേട്ടമുണ്ട്; ജിന്നിൽപെട്ട ശൈത്വാനോട് (കാഫിറിനോട്)[2] സഹായം തേടുന്നതുപോലെ. അപ്രകാരം തന്നെ മുസ്‌ലിമായ ജിന്നിനോട് സഹായം തേടുന്നതുപോലെ ചിലത് ശിർക്കിലേക്ക് വസീല:യാകുന്നവയുമുണ്ട് (وسيلة للشرك)[3].

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യയേപ്പോലുള്ള ചില പണ്ഡിതന്മാർ ജിന്ന് ചിലപ്പോൾ മനുഷ്യനെ സേവിക്കാം എന്ന് പറയുന്നു. ആ നിലപാട് ചിന്തിക്കേണ്ടതും വിശദീകരിക്കപ്പെടേണ്ടതുമാണ്. കാരണം അദ്ദേഹം തന്റെ 'النبوات' എന്ന ഗ്രന്ഥത്തിന്റെ അവസാനത്തിൽ എഴുതി: 'നിശ്ചയം നബി(ﷺ) ചെയ്തതുപോലെ കൽപ്പിക്കുക വിരോധിക്കുക എന്നീ മതപരമായ കാര്യങ്ങൾക്കല്ലാതെ അല്ലാഹുവിന്റെ ഔലിയാക്കന്മാർ ജിന്നിനെ ഉപയോഗപ്പെടുത്തുകയില്ല. എന്നാൽ അവരെ സേവിക്കുവാനും സഹായിക്കുവാനും ആവശ്യപ്പെടുക എന്നത് ഔലയിയാക്കന്മാരുടെ ഗുണത്തിലോ പ്രവർത്തനത്തിലോപെട്ടതല്ല.' അദ്ദേഹം പറഞ്ഞു: 'എന്നാൽ ചിലപ്പോൾ ജിന്ന് മനുഷ്യന് ചില സേവനങ്ങളും ഉപകാരങ്ങളും ചെയ്തേക്കാം. സംഭവ്യതവെച്ച് നോക്കുമ്പോൾ അത് ശരിയാണ്.'

ചുരുക്കത്തിൽ പ്രസ്തുത വാചകം വിശദീകരിക്കപ്പെടേണ്ടതാണ്. മുസ്‌ലിമായ ജിന്നിനോട് സേവനം ആവശ്യപെട്ടുകൊണ്ടുള്ള ഉപയോഗപ്പെടുത്തലാണെങ്കിൽ അത് ശിർക്കിലേക്കുള്ള വഴിയാണ്.[4] മുസ്‌ലിമായ ജിന്നിനെ ഉപയോഗിച്ച് ചികിത്സിക്കുന്നവരുടെ അടുക്കൽ

---

[2] ശൈഖ് സ്വാലിഹ് ആലുശൈഖ്(حَفِظَهُ الله) ഇതേ ഗ്രന്ഥത്തിൽ(التمهيد لشرح كتاب التوحيد,പേജ്:285-288) എന്തുകൊണ്ട് പിശാചിനോടുള്ള സഹായതേട്ടം ശിർക്കാകുന്നു എന്ന് വിശദീകരിക്കുന്നുണ്ട്. പിശാചിന്റെ സഹായം ഉപയോകപ്പെടുത്താറുള്ളത് സാഹിറുകളും, ജോൽസ്യന്മാരം, ഇസ്മിന്റെ പണിക്കാരുമാണ്. അവർ പിശാചിൽ നിന്ന് സഹായം ലഭിക്കാൻ(സിഹ്റ് ചെയ്യാൻ) പിശാചിന്റെ ഇച്ഛരാനുസരണം അവർക്ക് ബലി അർപിക്കുക അല്ലെങ്കിൽ അവരുടെ പ്രീതിയും സാമീപ്യവും സിദ്ധിക്കുവാനായി ആരാധനകളിൽ ഏർപ്പെടുക അതും അല്ലെങ്കിൽ തികഞ്ഞ കുഫ്റിന്റെ പ്രവർത്തികൾ ചെയ്യുക എന്നിവയിൽ വ്യാപൃതരാവും. ഈ കാരണത്താലാണ് പിശാചിനോടുള്ള സഹായതേട്ടം ശിർക്കാകുന്നത്. പിശാചിന്റെ സഹായം ഉപയോഗപ്പെടുത്തിയുള്ള സിഹ്റു ചെയ്ത വ്യക്തി വാളിന് ഇരയാകണം എന്ന് ഫുകഹാക്കൾ ഫത്‌വ നൽകാറുള്ളത് അവർ ദീനിൽ നിന്ന് പുറത്ത് പോയതിന്റെ(ردة) അടിസ്ഥാനത്തിലാണ്. നേരെ മറിച്ച് പിശാചിന്റെ സഹായമില്ലതെ ഔഷധങ്ങൾ ഉപയോഗിച്ച് ചെയ്യുന്ന സിഹ്റാണെങ്കിൽ ആ സാഹിറുകൾ വധശിക്ഷക്ക് അർഹരാവുകയില്ല എന്ന് ഇമാം ശാഫീ(رحمه الله) പോലെയുള്ള പണ്ഡിതർ പ്രസ്താവിച്ചിട്ടുണ്ട് കാരണം അവർ അതിലൂടെ ശിർക്ക് ചെയ്യുന്നില്ല.

ഇവിടെ സ്വാഭാവികമായും ഒരു സംശയം ജനിക്കാം. മുകളിൽ പറഞ്ഞ ആരാധനകളോ സാമീപ്യമോ ഇല്ലാതെ ജിന്നിൻെറ സഹായം തേടിയാലോ എന്ന്. അങ്ങനെയുള്ള ഒരവസ്ഥ അഥവാ ജിന്നിൻെറ സഹായം തേടുന്ന ഒരാളുടെ സംഭവം ലജ്നയോട് ചോദിച്ചത് താഴെ കൊടുത്ത ലിങ്കിൽ കാണാം. ചോദ്യത്തിൽ നിന്ന് മനസ്സിലായത് അനുസരിച്ച് ലജ്ന ആ വ്യക്തിയുടെ പ്രവർത്തിയെ ശിർക്കിലേക്കുള്ള ഉപാധികൾ തടയുക (سد الذريعة) എന്നതിന്റെ ഭാഗമായി പരിഗണിച്ചാണ് അത് അനുവദനീയമല്ല എന്ന് പറയുന്നത്. ഇവിടെ ആ വ്യക്തി ജിന്നിൻെറ പ്രീതി സമ്പാദിക്കുവാനായി യാതൊരു ആരാധനാകർമങ്ങളിലും മുഴുകന്നില്ല എന്ന് ചോദ്യത്തിൽ സ്പഷ്ടമാക്കിയതിനാലാണ് അക്കാര്യം ശിർക്കാണ് എന്ന് പറയാതെ ശിർക്കിലേക്കുള്ള ഉപാധികൾ തടയുക എന്ന രൂപത്തിൽ മറുപടി നൽകിയത്.

http://www.alifta.net/fatawa/fatawasubjects.aspx?View=Page&NodeID=9680&PageID=10637&SectionID=3&SubjectPageTitlesID=31769&MarkIndex=0&0

[3] എല്ലാ വസീലത്തു ശിർക്കും ചെറിയ ശിർക്കാകുന്നു(شرك الاصغر) എന്ന് പറയുന്നത് ഉചിതമല്ല എന്ന് ശൈഖ് സ്വാലിഹ് ആലുശൈഖ്(حَفِظَهُ الله) അദ്ദേഹത്തിന്റെ شرح العقيدة الطحاوية എന്ന ഗ്രന്ഥത്തിൽ(വാല്യം:2 പേജ്:1100,1101) വ്യക്തമാക്കുന്നണ്ട്. അല്ലാഹു വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലൂടെയും ചെറിയ ശിർക്കായി(ശിർക്കുൽ അക്ബറിൽ എത്താത്ത എല്ലാ ശിർക്കുകളും) പരിചയപ്പെടുത്തുന്നവയെ മാത്രം شرك الاصغر എന്ന് വിളിക്കുന്നതാകുന്നു ഏറ്റവും ശരിയായ നിലപാട് എന്ന് അദ്ദേഹം വിവരിക്കുന്നണ്ട്.

[4] എങ്ങനെയാണ് മുസ്ലിം ജിന്നിനെയും പിശാചിനെയും തിരിച്ചറിയുക എന്ന ഒരു സംശയം ചിലർ ഉന്നയിക്കാറുണ്ട്. യഥാർതത്തിൽ ജിന്നുകളോട് സഹായം ചോദിക്കാം എന്ന് വാദിക്കുന്നവരാണ് അതിനുള്ള തെളിവുകൾ കൊണ്ടുവരേണ്ടത്. നമുക്കാർക്കും അങ്ങനെ ഒരു വാദമില്ല. ശൈഖ് സ്വാലിഹ് ആലുശൈഖ്(حَفِظَهُ الله) പറഞ്ഞത് പോലെ ജിന്ന് മുസ്ലിമായാലും കാഫിറായാലും അത്(സഹായതേട്ടം) ഹറാമാകുന്നു എന്ന വസ്തുതയോടൊപ്പം ജിന്നുകളോടുള്ള എല്ലാ സഹായതേട്ടവും ശിർക്കല്ല മറിച്ച് ശിർക്കായവയും ശിർക്കിലേക്കുള്ള മാർഗമായവയുമുണ്ട് എന്ന യഥാർത്യം നാം തിരിച്ചറിയുക.

ചികിത്സിക്കൽ അനുവദനീയമല്ല. ആവശ്യപ്പെടാതെ തന്നെ ജിന്ന് ചിലരെ സേവിക്കുകയാണെങ്കിൽ (അപ്രകാരം സംഭവിക്കാം), പക്ഷെ അത് അല്ലാഹുവിന്റെ ഔലിയാക്കളുടെയോ അല്ലാഹു അവയെ കീഴ്പ്പെടുത്തി കൊടുത്തിട്ടുള്ള തന്റെ പ്രത്യേക അടിമകളുടെയോ സ്വഭാവത്തിൽ പെട്ടതല്ല. ഇതാണ് സ്ഥിതി എന്നിരിക്കെ അത്തരക്കാർ അപാകതകളിൽ നിന്ന് മുക്തരാവുകയില്ല. ജിന്ന് അവരെ ധാരാളമായി സേവിക്കുകയും കാര്യങ്ങൾ അറിയിച്ചു കൊടുക്കുകയുമൊക്കെ ചെയ്യുന്നതാണ്.

ചുരുക്കത്തിൽ പ്രസ്തുത സേവനം മനുഷ്യന്റെ ആവശ്യപ്രകാരമാണെങ്കിൽ അത് അനുവദനീയമല്ല. അത് ഹറാമിന്റെ ഗണത്തിൽപെട്ട ഒരു ഇനമാണ്. കാരണം അത് സുഖമനുഭവിക്കലിൽപെട്ടതാണ്. എന്നാൽ അവന്റെ ആവശ്യപ്രകാരമല്ലെങ്കിൽ അവൻ അല്ലാഹുവിനോട് ശരണം തേടുകയും ജിന്നിലെ പോക്കിരികളിൽനിന്നും അല്ലാഹുവിനോട് രക്ഷ ചോദിക്കുകയും വേണം. കാരണം അത് അവരുടെ വാക്കുകൾ

**മുസ്‌ലിമായ ജിന്നിനെ ഉപയോഗിച്ച് ചികിത്സിക്കുന്നവരുടെ അടുക്കൽ ചികിത്സിക്കൽ അനുവദനീയമല്ല. ആവശ്യപ്പെടാതെ തന്നെ ജിന്ന് ചിലരെ സേവിക്കുകയാണെങ്കിൽ (അപ്രകാരം സംഭവിക്കാം), പക്ഷെ അത് അല്ലാഹുവിന്റെ ഔലിയാക്കളുടെയോ അല്ലാഹു അവയെ കീഴ്പ്പെടുത്തി കൊടുത്തിട്ടുള്ള തന്റെ പ്രത്യേക അടിമകളുടെയോ സ്വഭാവത്തിൽ പെട്ടതല്ല. ഇതാണ് സ്ഥിതി എന്നിരിക്കെ അത്തരക്കാർ അപാകതകളിൽ നിന്ന് മുക്തരാവുകയില്ല. ജിന്ന് അവരെ ധാരാളമായി സേവിക്കുകയും കാര്യങ്ങൾ അറിയിച്ചു കൊടുക്കുകയുമൊക്കെ ചെയ്യുന്നതാണ്.**

സ്വീകരിക്കുന്നതിലേക്കും അവരെ അവലംബിക്കുന്നതിലേക്കും അവരോട് അടുപ്പമുണ്ടാക്കുന്നതിലേക്കും കൊണ്ടുചെന്നെത്തിച്ചേക്കാം. ചിലപ്പോൾ അത് അവരോട് തവസ്സുൽ തേടുന്നതിലേക്കും അവരിലേക്ക് മുന്നിടുന്നതിലേക്കും നയിച്ചേക്കാം (അല്ലാഹുവേ നിന്റെ കാവൽ). അത് വ്യക്തമായികഴിഞ്ഞാൽ ജിന്ന് നൽകുന്ന വാർത്ത പണ്ഡിതന്മാരുടെ പക്കൽ ദുർബലമാണ്. ഹദീഥ് പണ്ഡിതന്മാരുടെ അടുക്കൽ അതുകൊണ്ട് തെളിവുപിടിക്കൽ അനുവദനീയമല്ല. കർമശാസ്ത്ര പണ്ഡിതന്മാരും അത് പറഞ്ഞിട്ടുണ്ട്. അത് ശരിയുമാണ്. കാരണം ഒരു വാർത്ത സ്വീകരിക്കുക എന്നത് അത് അറിയിക്കുന്നയാളെ അംഗീകരിക്കുന്നതിന്റെ ഭാഗമാണ്. ജിന്ന് അദൃശ്യ ജീവിയാണ്. അവരുടെ സത്യതയും ദീനീനിഷ്ഠയും(عـدالـة) നമുക്ക് അജ്ഞാതമാണ്. അത് ശ്രോതാവിന്റെ അടുക്കലും അറിയപ്പെടാത്താണ്. ജിന്നിൽനിന്നും കൊണ്ടുവന്നതിലൂടെയാണ് خبرനെ സ്ഥാപിച്ചതെങ്കിൽ അയാൾ അവരുടെ അഭിസംബോധന കേട്ടു എന്നല്ലാതെ (അതുതന്നെ അപര്യാപ്തവുമാണ്) അവൻ അവയെ കണ്ടിട്ടില്ലതാനും അവരുടെ സത്യത സ്ഥിരീകരിച്ചിട്ടില്ലാത്ത നിലക്ക് തെമ്മാടിയാകാൻ സാധ്യതയുള്ളവന്റെ വാക്ക് സ്വീകരിച്ചതു പോലെയാകും.

അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن جَآءَكُمۡ فَاسِقُۢ بِنَبَإٖ فَتَبَيَّنُوٓاْ أَن تُصِيبُواْ قَوۡمَۢا بِجَهَٰلَةٖ فَتُصۡبِحُواْ عَلَىٰ مَا فَعَلۡتُمۡ نَٰدِمِينَ ٦ ﴾

الحجرات: ٦

“സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.” (അൽഹുജുറാത്ത്:6)

ചില സംഭവങ്ങളെ സംബന്ധിച്ച് ജിന്ന് അറിയിച്ച് കൊടുക്കുന്ന വാർത്തയും വിവരവും സ്വീകരിക്കുന്നവർക്ക് വിവിധങ്ങളായ ധാരാളം കുഴപ്പങ്ങൾ സംഭവിക്കുന്നു. ജിന്ന് അറിയിച്ച് കൊടുത്തത് സത്യമാണെന്ന് ഉറപ്പിക്കൽ അതിൽപെട്ടതാണ്, ചിലപ്പോൾ അതുകാരണത്താൽ

ധാരാളം കുഴപ്പങ്ങൾ ഉണ്ടാകുന്നു. അത് അറിയിച്ചു തരുന്നവരിൽ അടിസ്ഥാനരഹിതമായത് പറയൽ അധികരിക്കും. തനിക്ക് ജിന്നിൽ നിന്ന് കിട്ടിയ വിവരമനുസരിച്ച് അത് ചെയ്തവൻ ഇന്നവനാണ് എന്ന് വാദിക്കുന്ന അറിവില്ലാത്ത ഖാരിഇന്റെ വാർത്തയുടെ ഫലമായി തീർച്ചയായും ചില കുടുംബങ്ങൾ ഭിന്നിച്ചിരിക്കുന്നു. ജിന്നിൽനിന്നും വന്ന വാർത്ത കളവായിരിക്കാം. അപ്പോൾ സത്യത അറിയാത്തവന്റെ പ്രസ്തുത വാർത്ത അവലംബിക്കുകയും അതിൻ മേൽ കാര്യങ്ങൾ സ്ഥാപിക്കകയും അതിന്റെ ഫലമായി ഭിന്നതയും അഭിപ്രായ അനൈക്യവും കുടുംബ ചിദ്രതയും ഉണ്ടായിത്തീരുകയും ചെയ്യുന്നു.

നബി(ﷺ) പറഞ്ഞു:

أن إبليس ينـصب عرشـه على مـاء ، ويبعث سراياه ، فيكون أحب جنـوده إليه من يقول له : فرقت بـين المـرأة وزوجها

"നിശ്ചയം പിശാച് അവന്റെ സിംഹാസനം വെള്ളത്തിൽ സ്ഥാപിക്കുകയും അവന്റെ അനു യായികളെ നിയോഗിക്കുകയും ചെയ്യുന്നു. അവന്റെ സൈന്യ ത്തിൽനിന്ന് അവന് ഏറ്റവും പ്രിയപെട്ടവൻ ഒരു സ്ത്രീയുടെയും അവളുടെ ഭർത്താവിന്റേയും ഇടയിൽ ഞാൻ വേർപാട് ഉണ്ടാക്കി എന്ന് പറഞ്ഞവനായിരി ക്കും." (മുസ്‌ലിം)

> **ഈ വാതിൽ നിർബന്ധമായും അടക്കേണ്ടതാണ്. അപ്രകാരം തന്നെ ശിർക്കിന്റെയും വഴികേടിന്റെയും വഴികളെ എതിർക്കലും നിർബന്ധമാണ്. ജിന്നിനെ ഉപയോഗപ്പെടുത്തുകയും അത് പരസ്യമാക്കുകയും വിവരങ്ങൾ അറിയാൻ അവയുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവരുടെ വിധി; അവൻ മതത്തിന്റെ യാഥാർത്യത്തെ സംബന്ധിച്ചും ശിർക്കിന്റെ മാർഗങ്ങളെ കുറിച്ചും സമൂഹത്തിന് ഉപകരിക്കുന്നതിനെ കുറിച്ചും ഉപദ്രവമാകുന്നതിനെ സംബന്ധിച്ചും ജാഹിലായവനാണ്.**

അല്ലാഹുവിന്റെ ശത്രു ശ്രമി ക്കുന്ന ഭിന്നിപ്പിക്കലിൽ പെട്ട താണിത്. മാത്രമല്ല അതിൽ അധികവും ഈ ഭാഗത്തിലൂടെയായിരിക്കും. അല്ലാഹുവിന്റെ ശത്രു വിന് ഏറ്റവും ഇഷ്ടം വിശ്വാസികൾക്കിടയിൽ ഭിന്നിപ്പ് ഉണ്ടാക്കുന്നതിനാണ്. ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ നബി(ﷺ) പറഞ്ഞു:

إن الشيطان أيس أن يعبده المصلون في جزيرة العرب ، ولكن في التحريش بينهم

"നിശ്ചയം ശെയ്ത്വാൻ അറേബ്യൻ ഉപദ്വീപിൽ നമസ്കരിക്കുന്നവർ അവനെ ആരാധിക്കുന്നതിനെ സംബന്ധിച്ച് പിശാച് നിരാശനാണ്. പക്ഷെ അവൻ അവർക്കിടയിൽ സ്പർദയുണ്ടാക്കും."

ഈ വിഷയം പണ്ഡിതന്മാർ നിരുത്സാഹപ്പെടുത്തുകയും എതിർക്കുകയും ചെയ്യേണ്ടതുണ്ട്. ജിന്നിനെ ഉപയോഗപ്പെടുത്തുകയും ചില പണ്ഡിതന്മാർ അത് അനുവദിച്ചിരിക്കുന്നു[5] എന്ന് പറഞ്ഞ് അതിന് മാർഗമന്വേഷിക്കുന്നവർക്കെതിരിൽ തെളിവ് സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്.

---

[5] ഇവിടെ പ്രത്യേക പരാമർശമർഹിക്കുന്ന ഒരു വിഷയമാണ് അഹ്ലുസ്സുന്നയുടെ ചില പണ്ഡിതൻമാർ ജിന്നിനോടുള്ള സഹായം ചോദിക്കൽ അനുവദിച്ചപ്പോൾ അവർ വെച്ച മാനദണ്ഡങ്ങൾ. ശൈഖ് ഉഥൈമിൻ (رحمه الله) അദ്ദേഹത്തിന്റെ شرح العقيدة السفارينية എന്ന ഗ്രന്ഥത്തിലും, അതുപോലെ ശൈഖ് മുഖ്ബിൽ (رحمه الله) അദ്ദേഹത്തിന്റെ تحفة المجيب على أسئلة الحاضر والغريب എന്ന ഗ്രന്ഥത്തിലും രണ്ട് നിബന്ധനയോടു കൂടി ജിന്നുകളോട് സഹായം ചോദിക്കാം എന്നു പറയുന്നുണ്ട്. അവ (1) ഹറാമായ കാര്യത്തിനോ (2) ഹറാമായ മാർഗത്തിലൂടെയോ ആവരുത് എന്നുള്ളതാണ്. എന്നാൽ, അധികമാളുകളും തുടക്കത്തിൽ ഈ മാനദണ്ഡങ്ങൾ പാലിക്കുകയും പിന്നീട് അവർ ജിന്നുകളുടെ വാക്കുകൾക്ക് അടിമപ്പെടുന്ന അവസ്ഥയാണ് ഉണ്ടാവുക. അങ്ങനെ ശൈഖ് സ്വാലിഹ് ആലുശൈഖ്(حفظه الله) ഈ ലേഖനത്തിൽ പറഞ്ഞപോലെ അവർ ശിർക്കിൽ കൂപ്പുകുത്തും. അതുകൊണ്ട് ആ വാതിൽ തീർച്ചയായും അടക്കേണ്ടതാണ്. ഈ പണ്ഡിതൻമാരുടെ ഇങ്ങനെയുള്ള പരാമർശം കാരണം അവർ ശിർക്കിന്റെ പ്രചാരകരാണെന്നോ മുശ്രിക്കായെന്നോ അഹ്ലുസ്സുന്നയുടെ ഒരു പണ്ഡിതനും പറഞ്ഞിട്ടില്ല എന്ന വസ്തുത ഇവിടെ പ്രത്യേകം എടുത്തു പറയേണ്ട ഒരു സംഗതിയാണ്.

സത്യത്തിൽ ഈ പ്രവണത ശിർക്കിലേക്കുള്ള ഒരു വഴിയാണ്. ഇബ്നു ബിശ്റിന്റെ 'താരീഖ് നജ്ദ്' എന്ന ഗ്രന്ഥത്തിന്റെ ആദ്യഭാഗം വായിച്ചുനോക്കുക, അദ്ദേഹം പറഞ്ഞു:
''നജ്ദിലെ ഗ്രാമങ്ങളിലേക്ക് ശിർക്ക് കടന്നുവരാനുണ്ടായ കാരണം, ചില ഗ്രാമീണർ വിളവ് കൊയ്തെടുക്കാൻ സമയമായികഴിഞ്ഞാൽ അല്ലെങ്കിൽ ഈത്തപ്പഴം പറിക്കുന്ന സമയമായി കഴിഞ്ഞാൽ ആ ഗ്രാമങ്ങളു ടെ ഓരങ്ങളിൽ താമസിക്കും അവരുടെ പക്കൽ ചില മരുന്നുകളും ചെടികളും ഉണ്ടായിരിക്കും. അങ്ങിനെ യിരിക്കെ ചിലപ്പോൾ ഗ്രാമ ത്തിലെ വിവരമില്ലാത്ത വർ അവരോട് പലതും ചോദി ക്കും. ഈ വിവര ദോഷികളുടെ ചോദ്യത്തി ലൂടെ നിഷിദ്ധ പ്രവർത്തി കളെയും ശിർക്കൻ കാര്യങ്ങ ളേയും ബിദ്അത്തുകളെയും അവർ ഇഷ്ടപ്പെടുത്തി. അങ്ങിനെ അവ നജ്ദുകാർ ക്കിടയിൽ വ്യാപകമാവുക യും ചെയ്തു.
ഇബ്നുഗന്നാം പറഞ്ഞതു പോലെ അറിവില്ലാത്ത ആ മുറിവൈദ്യന്മാരുടേയും ക്ഷുദ്രന്മാരായ മന്ത്രപ്പ ണിക്കാരുടേയും പ്രവർത്തന ഫലമായി പഴയ കാലത്ത് നജ്ദിലും പരിസരങ്ങളിലും ശിർക്ക് വ്യാപിച്ചു.

ജിന്നിനെ ഉപയോഗപ്പെടുത്തു ന്നവരിൽ ചിലരുടെയടുക്കൽ ആളുകൾ വർധിച്ചു. ആളുകൾ കൂടുന്നത് അവർ കണ്ടപ്പോൾ ഉപകാരപ്രദമായ ചികിത്സ അവർ നിർവഹിക്കുവാൻ തുടങ്ങി. അപ്പോൾ ജിന്ന് അവർക്ക് കൂടുതൽ കീഴ്പ്പെടുകയും ചികിത്സയുടെ സ്വാധീനം ദുർബലമാവുകയും ചെയ്തു. അങ്ങനെ അതിന്റെ സ്വാധീനം ദുർബലമാവുകയും, ഓതുവാനും ചികിത്സിക്കവാനും തന്റെ അടുക്കൽ എത്തിയിരുന്ന അവസ്ഥകളിൽ ഒന്നിനും സാധിക്കാതിരിക്കുകയും ചെയ്തപ്പോൾ ജിന്നിനോടുള്ള അവന്റെ ബന്ധം വർധിച്ചു. അവന്റെ ഹൃദയത്തിലുണ്ടായിരുന്ന യഖീനിന്റെ ശക്തി ഊർന്നിറങ്ങി പോവുകയും ജിന്നിനെ അവലംബിക്കരുത് എന്നത് ഹൃദയത്തിൽ നിന്ന് നീങ്ങുകയും ചെയ്തു. അങ്ങിനെ അൽപാൽപ്പമായി അവരെ അവലംബിക്കുവാൻ തുടങ്ങി. ശേഷം സുന്നത്ത്, ഹൃദയത്തിൽ നിർബന്ധമായും ഉണ്ടാകേണ്ട തൗഹീദ്, അല്ലാഹുവിനെ മഹത്വപ്പെടുത്തൽ, ശിർക്കിന് പിശാചിനെ ഉപയോഗിക്കാതിരിക്കൽ തുടങ്ങിയവയിൽനിന്നും അവർ അവനെ അകറ്റുകയും ചെയ്തു. അങ്ങിനെ ശിർക്കിനും ഐക്യകണേഠന അനുവദനീയമല്ലാത്ത കാര്യങ്ങൾക്കും അവർ ജിന്നിനെ ഉപയോഗിക്കും വിധം അവർ അയാളെ ആക്കിതീർത്തു.''

ഈ വാതിൽ നിർബന്ധമായും അടക്കേണ്ടതാണ്. അപ്രകാരം തന്നെ ശിർക്കിന്റെയും വഴികേടിന്റെയും വഴികളെ എതിർക്കലും നിർബന്ധമാണ്. ജിന്നിനെ ഉപയോഗപ്പെടുത്തുകയും അത് പരസ്യമാക്കുകയും വിവരങ്ങൾ അറിയാൻ അവയുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവരുടെ വിധി; അവൻ മതത്തിന്റെ യാഥാർത്യത്തെ സംബന്ധിച്ചും ശിർക്കിന്റെ മാർഗങ്ങളെ കുറിച്ചും സമൂഹത്തിന് ഉപകരിക്കുന്നതിനെ കുറിച്ചും ഉപദ്രവമാകുന്നതിനെ സംബന്ധിച്ചും ജാഹിലായവനാണ് (അറിവില്ലാത്തനാണ്). والله المستعان

**അവലംബം:** التمهيد لشرح كتاب التوحيد الذي هو حق الله على العبيد